## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .1407      31-10-2019 -ൽ മറുപടിക്ക്

### പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ ധനസഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. മഞ്ഞളാംകുഴി അലി** | | **ഇ.ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | 2018 ലും 2019 ലും ഉണ്ടായ പ്രളയത്തിലും കാലവർഷക്കെടുതികളിലുമായി പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട എത്ര വീടുകൾക്ക് നാശനഷ്ടമുണ്ടായിട്ടുണ്ട്; | എ) | 2018-ലെ പ്രളയത്തിൽ 208 വീടുകൾക്ക് നാശനഷ്ടം ഉണ്ടായിട്ടുണ്ട്. 2019-ലെ നാശനഷ്ടത്തിന്റെ കണക്കെടുപ്പ് നടന്ന് വരുകയാണ്. |
| ബി) | പൂർണ്ണമായും ഭാഗികമായും നാശനഷ്ടമുണ്ടായവയുടെ കണക്ക് പ്രത്യേകമായി വർഷം തിരിച്ച് ലഭ്യമാക്കുമോ; | ബി) | 2018-ലെ പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച 208 വീടുകളുടെ കണക്ക് ചുവടെ ചേർക്കുന്നു. 2019-ലെ നാശനഷ്ടത്തിന്റെ കണക്കെടുപ്പ് നടന്നു വരുന്നു.<br>15% നാശനഷ്ടം - 73 പേർക്ക്<br>16-29% നാശനഷ്ടം - 44 പേർ<br>30-59% നാശനഷ്ടം - 40 പേർ<br>60-74% നാശനഷ്ടം - 19 പേർ<br>75% നാശനഷ്ടം - 06 പേർ<br>പൂർണ്ണ നാശം - 26 പേർ |
| സി) | ഇത്തരത്തിൽ നാശനഷ്ടമുണ്ടായതിൽ എത്രപേർക്ക് എത്ര രൂപ വീതം ആകെ എത്ര രൂപയുടെ ധനസഹായം നൽകിയിട്ടുണ്ട്; | സി) | 208 പേർക്കായി 1,66,48,650/- രൂപ വിതരണം ചെയ്തിട്ടുണ്ട്. പ്രളയത്തിൽ വീടിന് നേരിട്ട നാശനഷ്ടത്തിന്റെ തോത് അനുസരിച്ച് ആണ് മിനിമം റിലീഫ് കോഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 15 ശതമാനമെങ്കിലും നാശനഷ്ടം നേരിട്ടവർക്കാണ് ദുരിതാശ്വാസ സഹായം നൽകി വരുന്നത് . |

| 15 % (at least 15%) | മലയോര പ്രദേശങ്ങൾ | | സമതല പ്രദേശങ്ങൾ | | ആകെ അനുവദിക്കുന്ന തുക |
|---|---|---|---|---|---|
| | SDRF-ൽ നിന്നും അനുവദിക്കുന്നത് | CMDRF-ൽ നിന്നും അനുവദിക്കുന്നത് | SDRF-ൽ നിന്നും അനുവദിക്കുന്നത് | CMDRF-ൽ നിന്നും അനുവദിക്കുന്നത് | |
| < 15% | 5,200 | 4,800 | 5,200 | 4,800 | 10,000 |

| | | | | | |
|---|---|---|---|---|---|
| 16-29 | 30,500 | 29,500 | 28,500 | 31,500 | 60,000 |
| 30-59 | 51,000 | 74,000 | 47,500 | 77,500 | 1,20,000 |
| 60--74 | 76500 | 1,73,500 | 71000 | 1,79,000 | 2,50,000 |
| 75-100 | 1,01,900 | 29,8100 | 95,100 | 3,04,000 | 4,00,000 |

| | | | |
|---|---|---|---|
| ഡി) | ഇനി എത്ര പേർക്ക് എത്ര രൂപയുടെ ധനസഹായം നൽകാൻ ബാക്കിയുണ്ട്; വിശദമാക്കാമോ; | ഡി) | 2018-ൽ, 4 പേർക്ക് അപ്പീൽ മുഖാന്തിരം പുനപരിശോധന നടത്തിയ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ധനസഹായം അനുവദിക്കുന്നതാണ്. |
| ഇ) | പ്രസ്തുത നിയോജകമണ്ഡലത്തിൽ വീടുകൾക്ക് നാശനഷ്ടമുണ്ടായ എല്ലാപേർക്കും അടിയന്തരമായി ധനസഹായം പൂർണ്ണമായും വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | ഇ) | 2019-ലെ പ്രളയത്തിൽ നാശനഷ്ടം സംഭവിച്ചവർക്ക് ധനസഹായം അനുവദിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ